# ‘ലൗ’ എന്ന് പറയുന്നതിലെ വിലക്ക്

അല്ലാഹു ﷻ പറഞ്ഞു:

﴿ يَقُولُونَ لَوْ كَانَ لَنَا مِنَ ٱلْأَمْرِ شَىْءٌ مَّا قُتِلْنَا هَـٰهُنَا ﴾

(..........അവർ പറയുന്നു; കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമുണ്ടായിരുന്നുവെങ്കിൽ നാം ഇവിടെവെച്ച് കൊല്ലപ്പെടുമായിരുന്നില്ല......... ) (വി.ക്വു. 3:154)

അല്ലാഹു ﷻ പറഞ്ഞു:

﴿ ٱلَّذِينَ قَالُوا۟ لِإِخْوَٰنِهِمْ وَقَعَدُوا۟ لَوْ أَطَاعُونَا مَا قُتِلُوا۟ ﴾

((യുദ്ധത്തിനുപോകാതെ) വീട്ടിലിരിക്കുകയും (യുദ്ധത്തിനു പോയ) സഹോദരങ്ങളെപ്പറ്റി ‘ഞങ്ങളുടെ വാക്ക് സ്വീകരിച്ചിരുന്നുവെങ്കിൽ അവർ കൊല്ലപ്പെടുമായിരുന്നില്ല’ എന്നു പറയുകയും ചെയ്തവരാണ് അവർ (കപടന്മാർ)..................) (വി. ക്വു 3: 168)

അബൂഹുറയ്റ رضي الله عنه വിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«احْرِصْ عَلَىَ مَا يَنْفَعُكَ وَاسْتَعِنْ بِاللّهِ ، وَلاَ تَعْجزَنَّ ، وَإِنْ أَصَابَكَ شَيْءٌ فَلاَ تَقُلْ: لَوْ أَنِّي فَعَلْتُ كذا لَكَان كذا وَكَذَا. وَلَكِنْ قُلْ: قَدَرُ اللّهِ وَمَا شَاءَ فَعَلَ، فَإِنّ لَوْ تَفْتَحُ عَمَلَ الشّيْطَانِ»

“താങ്കൾക്ക് ഉപകാരപ്പെടുന്നതിൽ താങ്കൾ അമിത തൽപരത കാണിക്കുക. താങ്കൾ അല്ലാഹുവോട് സഹായാർത്ഥന നടത്തുക. താങ്കൾ ഒരിക്കലും ദുർബലനാകരുത്. താങ്കൾക്ക് വല്ലതും ബാധിച്ചാൽ താങ്കൾ ‘ഞാൻ ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇപ്രകാരമൊക്കെ ആകുമായിരുന്നു എന്നു പറയരുത്. എന്നാൽ താങ്കൾ ‘അല്ലാഹു ‘ക്വദ്റാ’ക്കിയതാണ് (നിർണയിച്ചതാണ്); അവനുദ്ദേശിച്ചത് പ്രവർത്തിച്ചു’ എന്ന് പറയുക. കാരണം ‘ലൗ’ (എങ്കിൽ) എന്നത് പിശാചിന്റെ പ്രവർത്തനത്തെ തുറക്കും.”
(മുസ്ലിം)

<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>

- ആലുഇംറാൻ സൂറത്തിലെ രണ്ട് ആയത്തുകളുടെ (154,168) തഫ്സീർ.
- താങ്കൾക്ക് വല്ലതുമേറ്റാൽ 'ലൗ' എന്ന് പറയുന്നതിലെ വ്യക്തമായ വിലക്ക്.
- പ്രസ്തുത വിഷയത്തിന്റെ കാരണം, 'ലൗ' (എങ്കിൽ) എന്നത് പിശാചിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും എന്നതാണ്.
- നല്ല സംസാരം നിർവ്വഹിക്കുവാനുള്ള നിദർശനം.
- അല്ലാഹുﷻയോട് സഹായാർത്ഥന നടത്തുന്നതോടൊപ്പം ഉപകാര പ്രദമായതിന് അതിതൽപരത കാണിക്കുവാനുള്ള കല്പന.
- അതിനെതിരിലുള്ളതിനെ തൊട്ട് അഥവാ ദുർബലനാകുന്നതിനെ തൊട്ട് വിലക്ക്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**